LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

201 (866) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഉള്ളത് ;

(ബി) ഈ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ളപദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ ചക്കിട്ടപ്പാറ പഞ്ചായത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിട്ടുണ്ട്. ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായ മാവൂർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തിയും ജൈക്ക പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇപ്രകാരമൊരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ കടൽഭിത്തി നിർമ്മാണം

202 (867) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ-കൊവ്വൽ, കൊപ്പൽ, ചെമ്പരിക്ക തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കാത്തതിനാൽ ശക്തമായ കടലാക്രമണത്തിൽ വീടുകൾക്കും, വിളകൾക്കും നാശനഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?